ലീഗൽ സർവ്വീസ് അതോറിറ്റി

171 (1106) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജനങ്ങൾക്ക് നിയമസഹായം നൽകുന്നതിലേയ്ക്ക് ലീഗൽ സർവ്വീസ് അതോറിറ്റിയുടെ പ്രവർത്തനം ഊർജ്ജിതമാക്കുവാൻ പദ്ധതിയുണ്ടോ ;

(ബി) ജില്ലാ, താലൂക്ക് തലങ്ങളിൽ ലീഗൽ സർവ്വീസ് അതോറിറ്റിയുടെ പ്രവർത്തനം നടത്തുന്നതിലേയ്ക്ക് ജില്ലാതല-താലൂക്ക് തല കാര്യാലയങ്ങൾ തുറക്കുവാൻ പദ്ധതിയുണ്ടോ ; ഇതുസംബന്ധിച്ചുള്ള ഏതെങ്കിലും കോടതി ഉത്തരവുണ്ടോ ; ഉണ്ടെങ്കിൽ ആയതു മേശപ്പുറത്ത് വയ്ക്കുമോ ;

(സി) ജില്ലാ താലൂക്ക് ഓഫീസുകൾ തുറക്കുന്നതിലേയ്ക്ക് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 1987-ലെ ലീഗൽ സർവ്വീസസ് അതോറിറ്റി ആക്ട്പ്രകാരമുള്ള വ്യവസ്ഥകളനുസരിച്ച് 1998-ലാണ് സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റി നിലവിൽ വന്നത്. ലോക് അദാലത്തുകൾ വഴി തർക്കങ്ങൾക്ക് തീർപ്പു കൽപ്പിക്കുക, സമൂഹത്തിന്റെ താഴെ തട്ടിലുള്ളവർക്ക് സൗജന്യ നിയമസഹായം നൽകുക, നിയമ ബോധവൽക്കരണ പരിപാടികൾ നടത്തുക തുടങ്ങിയ കാര്യങ്ങളാണ് അതോറിറ്റിയുടെ പ്രധാന ചുമതലകൾ, തികച്ചും കാര്യക്ഷമമായാണ് പ്രസ്തുത അതോറിറ്റി പ്രവർത്തിക്കുന്നത്. പ്രവർത്തനം ഊർജ്ജിതപ്പെടുത്താൻ പുതിയ പദ്ധതികൾ രൂപീകരിച്ചിട്ടില്ല.

(ബി) ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി, താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റി എന്നിവയ്ക്ക് പ്രത്യേകം കാര്യാലയങ്ങൾ തുറക്കുന്ന പദ്ധതി സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ജില്ലാതല, താലൂക്ക്തല ഓഫീസുകൾ സ്ഥാപിക്കുന്ന കാര്യത്തിൽ സർക്കാർ നടപടികൾ നടന്നുവരുന്നു. ഇതു സംബന്ധിച്ച് ശ്രീ. ബാബു ജോസഫ്, ജനറൽസെക്രട്ടറി, സൻമാന്യാ സോഷ്യൽ സെന്റർ, ചാലക്കുടി, ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഒ.പി. നം. 28555/99 എന്ന പെറ്റീഷനിൽ താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികളിലും ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികളിലും മൂന്നുമാസത്തിനകം ആവശ്യമായ ജീവനക്കാരെ നിയമിക്കുവാൻ ബഹു. ഹൈക്കോടതി ഉത്തരവിട്ടിട്ടുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ നടപടികൾ കൈക്കൊണ്ടുവരുന്നു. ഹൈക്കോടതി ഉത്തരവിന്റെ കോപ്പിയും ഇതോടൊപ്പം നൽകുന്നു.†

† അനുബന്ധം - XXIII

LIBRARY ARCHIVES Kerala Legislative Assembly

(സി) ജില്ലാ, താലൂക്ക്തല ഓഫീസുകൾ സ്ഥാപിക്കുന്നതിലേയ്ക്ക് സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ അഭിപ്രായമാരാഞ്ഞ് താലൂക്കുകളിലും ജില്ലകളിലും ആവശ്യമായ തസ്തികകളും ഓഫീസുകളും സ്ഥാപിക്കുവാനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

എയ്ഡ്സ് ബോധവൽക്കരണ പ്രവർത്തനങ്ങൾ

172 (1107) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ 2000 ഡിസംബർ 31 വരെ സംസ്ഥാനത്തെ എയ്ഡ്സ് ബോധവൽക്കരണ പ്രവർത്തനങ്ങൾക്കു ചെലവഴിച്ചിട്ടുള്ള തുക എത്ര ; ജില്ലതിരിച്ചുള്ള കണക്കു ലഭ്യമാക്കുമോ ;

(ബി) എയ്ഡ്സ് ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി സംസ്ഥാനത്തെ ഓരോ ജില്ലയിലും പ്രവർത്തിക്കുന്ന സർക്കാർ ഇതര ഏജൻസികൾ ഏതെല്ലാം ; അവയ്ക്കു ഓരോന്നിനും 1995 ജനുവരി 1 മുതൽ 2000 ഡിസംബർ 31 വരെ അനുവദിച്ച തുക എത്ര ; വിശദ വിവരം ലഭ്യമാക്കാമോ ;

(സി) സർക്കാർ ഇതര ഏജൻസികൾ നടത്തിയ എയ്ഡ്സ് ബോധവൽക്കരണ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത വിവരം വിശദമാക്കുമോ ;

(ഡി) എയ്ഡ്സ് ബോധവൽക്കരണം കൂടാതെ ഏതെങ്കിലും എൻ.ജി.ഒ.കൾ എയ്ഡ്സ് ബാധിച്ചവരുടെ പുനരധിവാസം ഏറ്റെടുക്കുന്നുണ്ടോ ; എങ്കിൽ അവ ഏതൊക്കെയാണെന്ന് വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ 2000 ഡിസംബർ 31 വരെ സംസ്ഥാനത്തെ എയ്ഡ്സ് ബോധവൽക്കരണ പ്രവർത്തനങ്ങൾക്കു ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു.

1995 - 96	36,36,498 രൂപ
1996 - 97	14,24,349 രൂപ
1997 - 98	85,07,491 രൂപ
1998 - 99	2,01,29,687 രൂപ
1999 - 2000	99,55,751 രൂപ

എയ്ഡ്സ് ബോധവൽക്കരണ പരിപാടികൾ സംസ്ഥാനതലത്തിലാണ് നടക്കുന്നത്. അതിനാൽ ജില്ല തിരിച്ചുള്ള കണക്കു ലഭ്യമല്ല.

(ബി) എയ്ഡ്സ് ബോധവൽക്കരണ പ്രവർത്തനത്തിനായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സർക്കാർ ഇതര ഏജൻസികളുടെ ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്.† 1995 ജനുവരി 1 മുതൽ 2000

† അനുബന്ധം - XXIV

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XXIII

[28-2-2001-ലെ നക്ഷത്ര ചിഹ്നമിടാത്ത 171 (1106) -ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക]

IN THE HIGH COURT OF KERALA AT ERNAKULAM

Present

The Hon'ble Mr. Justice J.B. Koshy

Friday, the 13th day of October, 2000/21st Asvina, 1922

O.P. No. 28555 of 1999 Y

Petitioner:

Babu Joseph, aged 40 years, S/o. Joseph puthanangady, General Secretary, Sanmanya Social Centre, Near K. S.-R. T. C Bus Stand, Chalakudy.

By Adv. Sri. Ashok B. Shenoy & James A. J

Respondents:

1) State of Kerala represented by the Chief Secretary to Government, Government Secretariate, Thiruvananthapuram.

2) The Secretary to Government, Government of Kerala, Law Department, Govt. Secretariate Thiruvananthapuram.

3) National Legal Service Authority rep. by its members Secretary, New Delhi.

4) Kerala State Legal Services Authority represented by its Member Secretary, Thiruvananthapuram.

By Govt. Pleader Sri. P.K. Ravikrishnan (R1&R2) By Adv. Sri. N.Sukumaran (R4)

This O.P having been finally heard on 13-10-2000, the court on the same day delivered the following:

LIBRARY ARCHIVES Kerala Legislative Assembly

J. B. Koshy, J

O.P. No. 28555 of 1999 Y

Dated 13th of October, 2000

Judgment

This original petition is filed for a writ of mandamus directing the first and second respondents to frame rules under section 28 read with sections 9 (5), 9 (6), 11 A (3) and 11A (4) of the Legal Services Authorities Act prescribing the number of officers and other employees of the District Legal Services Authorities and Taluk Legal Services Committees in the State and their conditions of service. Government, in paragraph 8 of its counter, stated as follows:

> "The District Authority and Taluk Committee are functioning effectively throughout the State and thereby reducing the pendency of work in regular courts. Government after evaluating the work if it is found necessary more staff will be appointed."

It is also submitted that now staff of the court is being used for the purpose. It is well known that staff in the court are over working and there is deficiency of staff in all the courts and therefore that practice should not be followed. Sufficient staff should be appointed expeditiously. With regard to the appointment of staff in the court alone, Government cannot say there is financial difficulties. Fourth respondent also filed a counter saying that proposals were submitted as early as on 5-12-1998 (Ext.R4 (a)) It is a pity that even after nearly two years no action is being taken.

2. With a direction to appoint sufficient staff in the District Legal Services Authoriities and Taluk Legal Services Committees in the State within three months from today, this original petition is disposed of.

Sd/-

J.B. Koshy, Judge

Order on C. M. P. No. 48510 of 1999 in O.P. No. 28555

Dismissed

13-10-2000 Sd/- J.B. Koshy, Judge

APPENDIX

Petitioner's Exts:

Nil

Respondent's Exts:

Ext.R4 (a) True Copy of the proposal submitted by the 4th respondent before the first respondent dated 5-12-1998.

LIBRARY ARCHIVES Kerala Legislative Assembly